(സി) കടുവാക്കുഞ്ഞുങ്ങളെ കാടുകൾക്ക് പുറത്ത് ആധുനിക ശാസ്ത്ര സംവിധാനങ്ങളിലൂടെ വളർത്തി സംരക്ഷിക്കുന്നതിന് പരിപാടി തയ്യാറാക്കുമോ ?

ഉത്തരം

(എ) 2006-ൽ വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നടത്തിയ കണക്കെടുപ്പിൽ 46 കടുവകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. 2010 ഫെബ്രുവരി മാസത്തിൽ നടന്ന കടുവാ സെൻസസിന്റെ ഡേറ്റാ വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ വിശകലനം ചെയ്തുവരുന്നു. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) വിജയകരമായിരുന്നു.

(സി) നിലവിൽ കേരളത്തിലെ വനപ്രദേശങ്ങളിൽ കടുവകളുടെ ദീർഘ കാല നിലനിൽപ്പിനും സ്വാഭാവിക പ്രജനനം വഴിയുള്ള വർദ്ധനവിനും അനുയോജ്യമായ സാഹചര്യമാണുള്ളത്. അതിനാൽ കടുവ കുഞ്ഞുങ്ങളെ കാടുകൾക്ക് പുറത്ത് ആധുനിക ശാസ്ത്രസംവിധാനങ്ങളിലൂടെ വളർത്തി സംരക്ഷിക്കേണ്ട ആവശ്യകത ഇപ്പോഴില്ല.

ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്നത് സംബന്ധിച്ച്

141 (4494) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007 ആഗസ്റ്റിൽ വടശ്ശേരിക്കരയിൽ കാട്ടാന നാട്ടിലിറങ്ങി കുത്തി കൊലപ്പെടുത്തിയ ഗോപിനാഥപിള്ളയുടെ മകന് വനം വകുപ്പിൽ ജോലി നൽകുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് ;

(ബി) ഗൃഹനാഥൻ കാട്ടാനയുടെ ആക്രമണത്തിൽ മരണപ്പെട്ടിട്ട് 3 വർഷമായിട്ടും പ്രസ്തുത കുടുംബത്തിന് ആശ്വാസമേകാൻ കഴിയുംവിധം ആശ്രിതർക്ക് വനം വകുപ്പിൽ ജോലി നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പിതാവ് മരണപ്പെട്ട സമയം പ്രായപൂർത്തിയായിട്ടില്ല എന്ന കാരണത്താൽ മകന് ജോലി നിഷേധിച്ച നടപടി പുനഃപരിശോധിച്ച് ജോലി നൽകാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ - സി) വന്യജീവികളുടെ ആക്രമണത്തിൽപ്പെട്ട് മരണമടയുന്നവരുടെ ആശ്രിതർക്ക് വനംവകുപ്പിൽ സ്ഥിരം നിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥകളൊന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly